**പതിനാലാം കേരള നിയമസഭ**
**ഒന്നാം സമ്മേളനം**

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ.**761**    11.07.2016-ലെ മറുപടിക്ക്

# ആറ്റിങ്ങൽ പട്ടണത്തിൽ ദേശീയപാതയുടെ വീതി കൂട്ടുന്ന പദ്ധതി

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| | **ശ്രീ. ബി. സത്യൻ** | | **ശ്രീ. ജി. സുധാകരൻ**<br>(ബഹു. പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പ് മന്ത്രി) |
| (എ). | ആറ്റിങ്ങൽ പട്ടണത്തിൽ ദേശീയപാതയുടെ വീതി കൂട്ടുന്ന പദ്ധതി ഏത് ഘട്ടത്തിലാണെന്ന് വിശദമാക്കാമോ ; | (എ). | ആറ്റിങ്ങൽ നഗരത്തിൽ നിലവിലുള്ള ദേശീയപാതയുടെ മൂന്നുമുക്ക് മുതൽ പൂവൻപാറ വരെയുള്ള ഭാഗം നാലുവരിപ്പാതയായി വികസിപ്പിക്കുന്നതിനു വേണ്ടിയുള്ള പ്രവൃത്തിയുടെ റീടെണ്ടർ നടപടിയുടെ ഭാഗമായി ടെക്നിക്കൽ കമ്മിറ്റി ജൂൺ 24-ാം തീയതി ടെക്നിക്കൽ ബിഡ്ഡുകളുടെ ഓപ്പണിംഗ് നടത്തുകയുണ്ടായി. ലഭിച്ച ബിഡ്ഡുകളുടെ സൂക്ഷ്മ പരിശോധന അന്തിമ ഘട്ടത്തിലാണ്. സൂക്ഷ്മ പരിശോധന പൂർത്തിയാകുന്ന മുറയ്ക്ക് ടെണ്ടർ നടപടികൾ സ്വീകരിക്കുവാൻ കഴിയും. |
| (ബി). | പദ്ധതിയ്ക്കായി എന്തു തുകയാണ് അനുവദിച്ചിട്ടുള്ളതെന്നും കരാർ ഏറ്റെടുത്തിരിക്കുന്നത് ആരാണെന്നും നിർമ്മാണ പ്രവർത്തനം എന്നാരംഭിക്കുമെന്നും എന്നത്തേയ്ക്ക് പൂർത്തിയാക്കാനാണ് തീരുമാനിച്ചിട്ടുള്ളതെന്നും വിശദമാക്കാമോ ; | ബി) | മൂന്നുമുക്ക് മുതൽ പൂവൻപാറ വരെയുള്ള വികസന പ്രവർത്തനങ്ങൾക്കായി 22.750 കോടി രൂപ അനുവദിച്ചിട്ടുണ്ട്. ടെണ്ടർ നടപടികൾ പൂർത്തിയാകുന്ന മുറയ്ക്ക് കരാറുകാരനെ നിശ്ചയിക്കുന്നതാണ്. കരാറുകാരന് സൈറ്റ് കൈമാറുന്ന തീയതി മുതൽ |

18 മാസം വരെയാണ് പ്രവൃത്തി പൂർത്തീകരിക്കുന്നതിനുള്ള കാലാവധി

| | | | |
|---|---|---|---|
| **(സി).** | ഏറെ ഗതാഗതക്കുരുക്ക് അനുഭവപ്പെടുന്ന ആറ്റിങ്ങൽ പട്ടണത്തിൽ ഈ പദ്ധതി എത്രയും വേഗം നടപ്പിലാക്കുന്നതിന് നടപടി സ്വീകരിക്കുമോ ? | **സി)** | നടപടി സ്വീകരിച്ചുവരുന്നു. |

**സെക്ഷൻ ഓഫീസർ**